20000691

**QP CODE: 20000691**

**Reg No :** .....................

**Name :** .....................

# M A DEGREE (CSS) EXAMINATION , NOVEMBER 2020

## Second Semester

M A MALAYALAM

## CORE - ML010203 - KERALA SAMSKARAM

2019 Admission Onwards

78A202F4

Time: 3 Hours | Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. കേരളസംസ്കാരപഠനത്തിനുള്ള ഉപാദാനങ്ങൾ എന്ന നിലയ്ക്ക് സ്മാരകങ്ങൾ, ശിലാരേഖകൾ എന്നിവയ്ക്കുള്ള പ്രാധാന്യം പരിശോധിക്കുക.
2. സംഘകാലത്തെ ആചാരാനുഷ്ഠാനങ്ങൾ പരിചയപ്പെടുത്തുക.
3. വീരരാഘവ ചെപ്പേടിന്റെ ചരിത്രപ്രാധാന്യം പരിശോധിക്കുക.
4. കേരളത്തിന്റെ ആയുർവേദപാരമ്പര്യം വിലയിരുത്തുക.
5. വൈദേശിക മതമേധാവിത്വത്തിനെതിരെയുള്ള ആദ്യകാല പ്രതിഷേധം എന്ന നിലയിൽ കൂനൻകുരിശു കലാപത്തെ വിലയിരുത്താമോ? എന്തുകൊണ്ട്?
6. കേരളത്തിന്റ നാടോടിക്കലാപാരമ്പര്യം വിശകലനംചെയ്യുക.
7. അച്ചടിരംഗത്തെ മിഷനറിമാരുടെ സംഭാവനകൾ വിലയിരുത്തുക.
8. കേരളീയ നവോത്ഥാനത്തിൽ മന്നത്തു പത്മനാഭന്റെ പ്രാധാന്യം വിലയിരുത്തുക.
9. സാഹിത്യവും സമൂഹവുമായുള്ള ബന്ധത്തെ പുരോഗമനസാഹിത്യപ്രസ്ഥാനം നിർവ്വചിക്കുന്നതെങ്ങനെ?
10. പ്രവാസജീവിതമെന്ന സാമൂഹികയാഥാർത്ഥ്യത്തിലൂടെ സ്വാഭാവികമായി ഉരുത്തിരിഞ്ഞുവന്ന സാഹിത്യരൂപമാണ് കത്തുപാട്ട് - വിലയിരുത്തുക.

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ചിലപ്പതികാരത്തിന്റെ ചരിത്രമൂല്യം പരിശോധിക്കുക.
12. ഐന്തിണ എന്നാലെന്ത്? ഓരോ തിണയുടെയും സവിശേഷതകൾ വിവരിക്കുക.
13. മാർത്താണ്ഡവർമ്മയുടെ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാമായിരുന്നു?
14. വിദേശ മേധാവിത്വത്തിനെതിരായി വേലുത്തമ്പിദളവ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക.

15. കേരളത്തിലെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിൽ ശ്രീനാരായണഗുരുവിന്റെ സംഭാവനകൾ വിലയിരുത്തുക.

16. തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിലും കേരളത്തിലെ കർഷക - തൊഴിലാളി പ്രക്ഷോഭങ്ങളുടെ ചരിത്രത്തിലും പുന്നപ്ര - വയലാർ സമരങ്ങളുടെ പ്രാധാന്യം പരിശോധിക്കുക.

17. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ഭൂപരിഷ്കരണത്തിനുള്ള പ്രസക്തിയെന്ത്?

18. അടിയന്തിരാവസ്ഥയുടെ പ്രതിഫലനങ്ങൾ കേരളത്തിൽ പ്രകടമായത് എങ്ങനെയെല്ലാമെന്ന് നിരീക്ഷിക്കുക.

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. പ്രാചീനകേരളത്തിന്റെ വൈദേശികബന്ധങ്ങൾ സാമ്പത്തിക - സാംസ്കാരിക രംഗങ്ങളിൽ വരുത്തിയ പരിവർത്തനങ്ങൾ എന്തെല്ലാം?

20. കേരളത്തിലെ പെരുമാൾവാഴ്ചയെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ വിശകലനംചെയ്യുക.

21. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ കേരളത്തിൽ നടന്ന സമരങ്ങൾ വിവരിക്കുക.

22. ഉത്തരാധുനിക സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ നവമാധ്യമങ്ങൾ വഹിച്ചപങ്ക് വിമർശനാത്മകമായി വിലയിരുത്തുക.

(2×5= 10 weightage)